**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3375

08.11.2019 ൽ മറുപടിയ്ക്ക്

## വാർഡുവിഭജന മാനദണ്ഡം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ഉബൈദുള്ള**<br>**,, സി.മമ്മൂട്ടി**<br>**,, പി.കെ.അബ്ദു റബ്ബ്**<br>**,, വി.കെ.ഇബ്രാഹിം കുഞ്ഞ് :** | **ശ്രീ. എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) |
| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ വിഭജിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദീകരിക്കാമോ? | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ വിഭജിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്ഥാപനങ്ങളിലെ അംഗസംഖ്യ നിശ്ചയിക്കുന്നത് സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് ആക്ടിലും, കേരള മുനിസിപ്പാലിറ്റീസ് ആക്ടിലും പ്രതിപാദിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1. <u>ഗ്രാമപഞ്ചായത്ത്</u><br>ജനസംഖ്യ പതിനയ്യായിരം വരെ - 13 അംഗങ്ങൾ.<br>അധികരിക്കുന്ന ഓരോ രണ്ടായിരത്തി അഞ്ഞൂറ് പേർക്കും അധികമായി ഒരു അംഗം വീതം.<br>പരമാവധി 23 അംഗങ്ങൾ.<br>2. <u>ബ്ലോക്ക് പഞ്ചായത്ത്</u><br>ജനസംഖ്യ ഒരുലക്ഷത്തി അമ്പതിനായിരം വരെ - 13 അംഗങ്ങൾ.<br>അധികരിക്കുന്ന ഓരോ ഇരുപത്തി അയ്യായിരം പേർക്കും അധികമായി ഒരു അംഗം വീതം.<br>പരമാവധി 23 അംഗങ്ങൾ.<br>3. <u>ജില്ലാ പഞ്ചായത്ത്</u><br>ജനസംഖ്യ പത്ത് ലക്ഷം വരെ -16 അംഗങ്ങൾ.<br>അധികരിക്കുന്ന ഓരോ ഒരു ലക്ഷം പേർക്കും അധികമായി ഒരു അംഗം വീതം.<br>പരമാവധി 32 അംഗങ്ങൾ. |

4. മുനിസിപ്പാലിറ്റി
ജനസംഖ്യ ഇരുപതിനായിരം വരെ 25 അംഗങ്ങൾ.
അധികരിക്കുന്ന ഓരോ രണ്ടായിരത്തി അഞ്ഞൂറ് പേർക്കും അധികമായി ഓരോ അംഗം.
പരമാവധി 52 അംഗങ്ങൾ.

5. മുനിസിപ്പൽ കോർപ്പറേഷൻ
ജനസംഖ്യ നാല് ലക്ഷം വരെ 55 അംഗങ്ങൾ.
അധികരിക്കുന്ന ഓരോ പതിനായിരം പേർക്കും അധികമായി ഒരു അംഗം.
പരമാവധി 100 അംഗങ്ങൾ.

(ഒപ്പ്)
**സെക്ഷൻ ഓഫീസർ**